**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 615** **09-06-2021 - ൽ മറുപടിയ്ക്ക്**

**അണക്കെട്ടുകളുടെ അറ്റകുറ്റപ്പണികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ ,<br>ശ്രീ. പി . ഉബൈദുള്ള ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകളുടെ അറ്റകുറ്റപ്പണികൾ ലോകബാങ്ക് സഹായത്തോടെ നടത്താൻ കേന്ദ്ര ജലകമ്മീഷൻ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഡാമുകളുടെ പ്രധാന അറ്റകുറ്റ പണികൾ നടത്തുന്നതിനായി 2012-ൽ കേന്ദ്രജലകമ്മീഷന്റെ മേൽ നോട്ടത്തിൽ ലോകബാങ്ക് സഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഡാം റീഹാബിലറ്റേഷൻ ആന്റ് ഇംപ്രൂ വ്മെന്റ് പ്രോജക്ട് (DRIP). ഡ്രിപ്പ് ഘട്ടം -1-ൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട് ) മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി തുടങ്ങിയ 16 ഡാമുകൾ/ ബാരേജുകൾ/ റെഗുലേറ്ററുകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഡാമുകളുടെ അടിസ്ഥാന സൗകര്യ വികസനം, കാര്യക്ഷമത പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നില നിർത്തൽ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. ടി പദ്ധതിയിൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട് ) മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ 13 ഡാമുകളുടെ പുനരുദ്ധാരണ പണി പൂർത്തീകരിച്ചു. 2021 മാർച്ച് 31-ന് DRIP Phase-I ന്റെ കാലാവധി കഴിഞ്ഞതിനാൽ ബാക്കിയുള്ള 3 ഡാമുകളുടെ പണികൾ DRIP Phase-II ലേയ്ക്ക് ഏറ്റെടുത്ത് നടത്തി വരുന്നു. DRIP Phase-I ന് അനുമതി ലഭിച്ച 327 കോടി രൂപയിൽ 2021 മാർച്ച് 31 വരെ 268.55 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2020-26 കാലയളവിലേക്കായി DRIP Phase-IIവിൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, പമ്പ, മംഗലം, മലങ്കര, കാരാപ്പുഴ, പഴശ്ശി ബാരേജ്, പെരിയാർ വാലി |

| | | | |
|---|---|---|---|
| | | | (ഭൂതത്താൻ കെട്ട്) , കല്ലട, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ 15 ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഉൾപ്പെടുത്തി 240 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുമുണ്ട്. 2021-22-ൽ 65 കോടി രൂപയുടെ ബഡ്ജറ്റ് ഉണ്ട്. കുറ്റ്യാടി ഡാമിന്റെ ബലപ്പെടുത്തൽ, കാരാപ്പുഴ, മലങ്കര, കാഞ്ഞിരപ്പുഴ, എന്നീ ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തി എന്നിവ ഏറ്റെടുക്കാനുള്ള നടപടികൾ ചെയ്തു വരുന്നു. ശേഷിക്കുന്ന ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ DRIP Phase-II ന്റെ കാലാവധിയ്ക്കുള്ളിൽ (2026-ൽ) പൂർത്തീകരിക്കുവാൻ കഴിയും. |
| (ബി) | ഈ അറ്റകുറ്റപ്പണികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | ഡാമുകളുടെ പ്രധാന അറ്റകുറ്റ പണികൾ നടത്തുന്നതിനായി 2012-ൽ കേന്ദ്രജലകമ്മീഷന്റെ മേൽ നോട്ടത്തിൽ ലോകബാങ്ക് സഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഡാം റീഹാബിലറ്റേഷൻ ആന്റ് ഇംപ്രൂ വ്മെന്റ് പ്രോജക്ട് (DRIP). ഡ്രിപ്പ് ഘട്ടം -1-ൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട് ) മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി തുടങ്ങിയ 16 ഡാമുകൾ/ ബാരേജുകൾ/ റെഗുലേറ്ററുകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഡാമുകളുടെ അടിസ്ഥാന സൗകര്യ വികസനം, കാര്യക്ഷമത പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നില നിർത്തൽ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. ടി പദ്ധതിയിൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട് ) മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ 13 ഡാമുകളുടെ പുനരുദ്ധാരണ പണി പൂർത്തീകരിച്ചു. 2021 മാർച്ച് 31-ന് DRIP Phase-I ന്റെ കാലാവധി കഴിഞ്ഞതിനാൽ ബാക്കിയുള്ള 3 ഡാമുകളുടെ പണികൾ DRIP Phase-II ലേയ്ക്ക് ഏറ്റെടുത്ത് നടത്തി വരുന്നു. DRIP Phase-I ന് അനുമതി ലഭിച്ച 327 കോടി രൂപയിൽ 2021 മാർച്ച് 31 വരെ 268.55 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2020-26 കാലയളവിലേയ്ക്കായി DRIP Phase-IIവിൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, പമ്പ, മംഗലം, മലങ്കര, കാരാപ്പുഴ, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട്) , കല്ലട, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ 15 ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഉൾപ്പെടുത്തി 240 കോടി രൂപയ്ക്ക് |

| | | | |
|---|---|---|---|
| | | | ഭരണാനുമതി നൽകിയിട്ടുമുണ്ട്. 2021-22-ൽ 65 കോടി രൂപയുടെ ബഡ്ജറ്റ് ഉണ്ട്. കുറ്റ്യാടി ഡാമിന്റെ ബലപ്പെടുത്തൽ, കാരാപ്പുഴ, മലങ്കര, കാഞ്ഞിരപ്പുഴ, എന്നീ ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തി എന്നിവ ഏറ്റെടുക്കാനുള്ള നടപടികൾ ചെയ്തു വരുന്നു. ശേഷിക്കുന്ന ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ DRIP Phase-II ന്റെ കാലാവധിയ്ക്കുള്ളിൽ (2026-ൽ) പൂർത്തീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ